# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2927 — 11/12/2014 ൽ മറുപടിക്ക്

### ഉച്ചഭക്ഷണപദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>„ ജോസഫ് വാഴയ്ക്കൻ<br>„ കെ.ശിവദാസൻ നായർ<br>„ പി.സി വിഷ്ണുനാഥ് | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) ഈ സർക്കാരിന്റെ കാലത്ത് സ്കൂൾ കുട്ടികളുടെ ഉച്ചഭക്ഷണപദ്ധതി വിപുലീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | എ) വിപുലീകരിച്ചിട്ടുണ്ട്. ഉച്ചഭക്ഷണ പദ്ധതിയുടെ ഗുണഭോക്താക്കളായ സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രാദേശിക സാഹചര്യങ്ങൾ കൂടികണക്കിലെടുത്ത് പോഷക സമൃദ്ധമായ ആഹാരം നൽകുന്നതിനും, നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുന്നതിനുമായി ഒരു അദ്ധ്യയന വർഷം കുട്ടി ഒന്നിന് ഒരു നിശ്ചിത തുക നിശ്ചയിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽനിന്നും ഇ-ട്രാൻസ്ഫർ മുഖേന സ്കൂൾ പ്രഥമാദ്ധ്യാപകർക്ക് നേരിട്ട് മുൻകൂർ നൽകികൊണ്ട് ഉത്തരവായിട്ടുണ്ട്. മുൻകാലങ്ങളിൽ കുട്ടികൾക്ക് ആവശ്യമായ അരി, പയർ എന്നിവ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിപണന ശാലകളിൽനിന്നും, പാൽ മിൽമയിൽ നിന്നുമാണ് വാങ്ങിയിരുന്നത്. കൂടാതെ പലവ്യഞ്ജനം, എണ്ണ പച്ചക്കറി, വിറക് എന്നിവ വാങ്ങുന്നതിന് കുട്ടി ഒന്നിന് ഒരു രൂപാ നിരക്കിൽ സ്കൂൾ പ്രഥമാദ്ധ്യാപകർക്ക് ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ മുഖേനയും തുക നൽകിവന്നിരുന്നു. മുട്ടയ്ക്ക് പ്രത്യേകമായും തുക നൽകിവന്നിരുന്നു. എന്നാൽ പരിഷ്ക്കരിച്ച ഉത്തരവു പ്രകാരം അരി ബന്ധപ്പെട്ട മാവേലി സ്റ്റോർമുഖേന നൽകുന്നതിനും പയർ,പാൽ, മുട്ട, പലവ്യഞ്ജനം, എണ്ണ, വിറക് എന്നിവ സ്കൂൾ നൂൺ മീൽ കമ്മിറ്റിക്ക് പ്രാദേശിക സാഹചര്യങ്ങൾകൂടി കണക്കിലെടുത്ത് പ്രാദേശികമായിതന്നെ വാങ്ങുന്നതിനും അനുമതി നൽ കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | പ്രസ്തുതപദ്ധതിയുടെ വിപുലീകരണവും പരിഷ്കരണവും സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാം; | ബി) | അരി ബന്ധപ്പെട്ട മാവേലിസ്റ്റോർ മുഖേന സ്കൂളുകൾക്ക് ലഭിക്കുന്നു. കുട്ടി ഒന്നിന് 5/- രൂപ നിരക്കിൽ സ്കൂൾ പ്രഥമാദ്ധ്യാപകന് മുൻകൂറായി നൽകുന്നുണ്ട്. പ്രാദേശിക സാഹചര്യങ്ങൾ കൂടി കണക്കിലെടുത്ത് കുട്ടികൾക്ക് പോഷക സമൃദ്ധമായ ആഹാരം നൽകുവാൻ സ്കൂൾ നൂൺമീൽ കമ്മിറ്റിയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. |
| സി) | പ്രസ്തുതപദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | സി) | കുട്ടികൾക്ക് ആവശ്യമായ അരി മുൻകൂറായി മാവേലിസ്റ്റോറിൽനിന്നും ലഭിക്കുന്നതിനു ബന്ധപ്പെട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ഇൻഡന്റ് പാസ്സാക്കി നൽകുന്നു. അരിയുടെ വില FCI ക്ക് നൽകുന്നതിനായി വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് മുൻകൂറായി തുക അനുവദിക്കുന്നു. കടത്തുകൂലിയിനത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷനും തുക യഥാസമയം നൽകി വരുന്നുണ്ട്. കൂടാതെ സ്കൂൾ പാചകത്തിന് ആവശ്യമായ പലവ്യഞ്ജനം, പച്ചക്കറി, മുട്ട, പാൽ, വിറക് എന്നിവ വാങ്ങുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽനിന്നും ആറ് മാസത്തേയ്ക്ക് ആവശ്യമായ തുക മുൻകൂറായി സ്കൂൾ പ്രഥമാദ്ധ്യാപകന്റെ സ്കൂളിലെ അക്കൗണ്ടിലേയക്ക് ഇ-ട്രാൻസ്ഫർ മുഖേന നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ